സൗഹാർദങ്ങളുടെ പച്ചിലച്ചാർത്ത്

# മാധ്യമം
## ആഴ്ചപ്പതിപ്പ്

2009 ആഗസ്റ്റ് 17, വില 10 രൂപ



## പള്ളി സ്വത്തിൽ സ്വകാര്യമെന്തിന്

ജസ്റ്റിസ് കെ.ടി. തോമസ് ചോദിക്കുന്നു



## ആസിയാൻ കാലത്ത് കർഷകൻ എങ്ങനെ ജീവിക്കും?



600
മാധ്യമം ആഴ്ചപ്പതിപ്പ്
പി.ബി. നമ്പർ 1708
സിൽവർ ഹിൽസ്
കോഴിക്കോട്-673012
2009 ആഗസ്റ്റ് 17, പുസ്തകം 12


66
# മുരളിയുടെ കാൽനൂറ്റാണ്ട്

നായകന്മാർക്ക് ഉണ്ടായിരിക്കണമെന്ന് വെള്ളിത്തിര ശഠിച്ചിരുന്ന രൂപലാവണ്യങ്ങൾ ഒന്നും ഇല്ലായിരുന്നു; നാടകം നൽകിയ അസാമാന്യമായ ശരീര ഭാഷയൊഴികെ. ലാവണ്യത്തിൻെറ മുഖകാന്തിക്കു പകരം പരുഷതയുടെ വന്യസൗന്ദര്യമായിരുന്നു. നായകനായും പ്രതിനായകനായും സഹനായകനായും അഭിനയത്തിൻെറ കാൽനൂറ്റാണ്ടിൽ മുരളി എന്ന നടനപ്രതിഭ മാറ്റ് തെളിയിച്ച വേഷങ്ങൾ നിരവധി. നടനത്തിൻെറ രസതന്ത്രം പറഞ്ഞുപഠിപ്പിച്ച് തൻേറടത്തോടെ മുരളി കാഴ്ചവെച്ച അഭിനയ മുഹൂർത്തങ്ങൾ വീണ്ടും അനുസ്മരിക്കുന്നു കെ. ഗോപിനാഥൻ

10
## ഇനി കർഷകനായി ജീവിച്ചിട്ട് വലിയ കാര്യമൊന്നുമില്ല

കരാറുകളുടെ കാണാചരടുകളിൽ കുരുങ്ങി ശ്വാസം മുട്ടുന്ന കർഷക സമൂഹത്തിന് ആസിയാൻ വ്യാപാര കരാർ ഇരുട്ടടിയാകുന്നതെങ്ങനെയെന്ന് ടി. ജുവിൻ വിവരിക്കുന്നു

18
## പാണക്കാട് ശിഹാബ് തങ്ങളും മുസ്‌ലിം രാഷ്ട്രീയവും

എ.പി. കുഞ്ഞാമു

22
## സൗഹാർദങ്ങളുടെ പച്ചിലച്ചാർത്ത്

ആർ. ബാലകൃഷ്ണപിള്ള

കവിത
25 കൈതപ്രം
36 രോഷ്നി സ്വപ്ന
51 രവീന്ദ്രൻ പുല്ലന്തറ
57 എസ്. രമേശൻ നായർ

47 കഥ
വി.എച്ച്. നിഷാദ്

16
## പള്ളി സ്വത്തുക്കൾ നിയമത്തിന് അതീതമോ?

ജസ്റ്റിസ് കെ.ടി. തോമസ്

26
## മുടിയനായ പുത്രൻ മടങ്ങിയെത്തുമ്പോൾ

കെ. രാജേശ്വരി

32 ഒരു പിടി കറിവേപ്പില / കെ. അരവിന്ദാക്ഷൻ
52 അടയാളനക്ഷത്രം / ജോൺപോൾ
58 പ്രവാസിയുടെ വഴിയമ്പലങ്ങൾ / ബാബു ഭരദ്വാജ്

4 എഴുത്തുകുത്ത് • 7 തുടക്കം •
8 അരിക് ചേരാതെ •
38 ഡെഡ്‌ലൈൻ •
63 ബുക്ക്ഷെൽഫ് • 64 വായന •
72 മീഡിയാസ്കാൻ • 74 ഒടുക്കം •


*സി.അഷ്റഫിൻെറ നോവൽ 'ഭാരതപ്രദർശനശാല' അടുത്ത ലക്കത്തിൽ തുടരും*


44
## ഊരി വീഴില്ലിനി പൊൻവളകൾ

ജീവിതമെന്നതിനെ സമരമെന്ന് മാറ്റിയെഴുതിയ കൗമുദി ടീച്ചർ മടങ്ങുമ്പോൾ പൊന്നിനേയും പെണ്ണിനേയും കുറിച്ച് ഒരു വീട്ടമ്മയുടെ വേറിട്ട ചില ചിന്തകൾ- ജാനകി കൃഷ്ണൻ




കവർ ഡിസൈൻ
അമീർ ഫൈസൽ

FAROOK COLLEGE LIBRARY
Date........
FAROOK COLLEGE



ഫോട്ടോ: പി. 

വിശകലനം

എ.പി. കുഞ്ഞാമു

# പാണക്കാട് ശിഹാബ് തങ്ങളും മുസ്‌ലിം രാഷ്ട്രീയവും

**വർഗീയപ്പാർട്ടിയെന്ന് പലപ്പോഴും ആക്ഷേപിക്കപ്പെടുകയും സാമുദായിക താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൻെറ അമരക്കാരനായിരിക്കുമ്പോഴും മതേതരത്വത്തിൻെറയും മതസൗഹാർദത്തിൻെറയും പ്രതിരൂപമായിരിക്കുവാനും പാണക്കാട് ശിഹാബ് തങ്ങൾക്ക് കഴിഞ്ഞു. കേരള രാഷ്ട്രീയത്തിൽ ശിഹാബ് തങ്ങൾ സൃഷ്ടിച്ചെടു സ്ഥാനത്തെക്കുറിച്ച് വിലയിരുത്തുകയാണ് ലേഖകൻ.**

**പാ**ണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിയവരെല്ലാം അർഥശങ്കയില്ലാതെ പറഞ്ഞ ഒരു കാര്യമുണ്ട്- മതേതരത്വത്തിൻെറ ആശയങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ച വിശാലമനസ്കനായിരുന്നു ശിഹാബ് തങ്ങൾ. ബാബരി മസ്ജിദിൻെറ തകർച്ചയെത്തുടർന്ന് കേരളത്തിൽ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടാഞ്ഞത് ശിഹാബ് തങ്ങൾ പ്രസരിപ്പിച്ച സംയമനത്തിൻെറ സന്ദേശം കേരളത്തിലെ മുസ്‌ലിം മനസ്സ് ഏറ്റുവാങ്ങിയതു

മൂലമാണ് എന്നാണ് സാമാന്യമായി നിഗമി
ടുന്നത്. വ്യക്തിജീവിതത്തിലും രാഷ്ട്രീ
തത്തിലും അദ്ദേഹം പുലർത്തിപ്പോന്ന നി
കളും ആർക്കും ആശ്വാസ സ്പർശമായി
വപ്പെടുന്ന അദ്ദേഹത്തിൻെറ ശരീരഭാഷയു
ഈ നിഗമനത്തെ ദൃഢീകരിക്കുന്നു. വർഗീ
ട്ടിയെന്ന് പലപ്പോഴും ആക്ഷേപിക്കപ്പെട
സാമുദായിക താൽപര്യങ്ങൾ ഉയർത്തിപ്പി
യും ചെയ്യുന്ന ഒരു വലതുപക്ഷ രാഷ്ട്രീ
ഥാനത്തിൻെറ അമരക്കാരൻ മതസൗഹാ

ന്റെ പ്രതിരൂപമായി വാഴ്ത്തപ്പെടുന്നു എന്ന അമ്പരപ്പ് ഇത് സൃഷ്ടിക്കാതിരിക്കുന്നില്ല. എങ്കിലും പാണക്കാട് ശിഹാബ് തങ്ങളുടെ വിനയമധുരമായ കാൽവെപ്പുകൾ ഈ അമ്പരപ്പുകളെ മായ്ച്ചുകളയുന്നു. ഭാവിയിൽ ശിഹാബ് തങ്ങൾ ഓർമിക്കപ്പെടുക ഒരു സാമുദായിക രാഷ്ട്രീയ കക്ഷിയുടെ നേതാവെന്ന നിലയിലോ ആത്മീയാചാര്യനെന്ന നിലയിലോ അല്ല, മറിച്ച് കേരളത്തിലെ മതേതര ചിന്തയുടെ മുന്നണിപ്പോരാളികളിലൊരാളായിട്ടാണെങ്കിൽ അതിൽ അദ്ഭുതപ്പെടേണ്ടിവരുകയില്ല.

ഇടതുപക്ഷ സമൂഹം ഒന്നടങ്കം ശിഹാബ് തങ്ങളെ മതേതരത്വത്തിന്റെ പ്രതീകരൂപമാണെന്ന് വാഴ്ത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ മരണവാർത്ത അച്ചടിച്ചു വന്ന അതേ ദിവസത്തെ മലയാള പത്രങ്ങളിൽ സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം ഇ.പി. ജയരാജന്റെ ഒരു പ്രസ്താവനയുണ്ട്. തീവ്രവാദികളുടെ മാതൃ സംഘടനയാണ് മുസ്‌ലിം ലീഗ് എന്നാണ് അദ്ദേഹം പറയുന്നത്. കേരള രാഷ്ട്രീയത്തിൽ വർഗീയതയുടെ വിത്ത് വിതച്ചത് ലീഗാണ്. തീവ്രവാദ സംഘങ്ങളെല്ലാം ഉടലെടുത്തത് ലീഗിൽ നിന്നാണ്- ഇങ്ങനെ പോകുന്നു സഖാവ് ജയരാജന്റെ വാദങ്ങൾ. ഇത് അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമല്ല, കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയം സാമാന്യേന പങ്കുവെക്കുന്ന ഒരാശയമാണ് മുസ്‌ലിംലീഗിന്റെ വർഗീയത്വ ഭാവം. മുസ്‌ലിംലീഗിന്റെ വർഗീയതക്കെതിരായി രൂക്ഷമായ പ്രതികരണമാണ് സി.പി.എം നേതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാവാറുള്ളത്. കോൺഗ്രസും ഏറെക്കാലം ലീഗിനെ വർഗീയകക്ഷിയായാണ് കണക്കാക്കിപ്പോന്നത്. ഇന്നും കോൺഗ്രസിലെ മുസ്‌ലിംകൾക്ക് ലീഗിന് ചാർത്തപ്പെട്ടു കിട്ടിയ സെക്കുലർ ക്രെഡൻഷ്യൽസ് അത്ര പഥ്യമല്ല. ഈ ദിശയിൽ കുറേക്കൂടി ആഴത്തിൽ ചിന്തിക്കുമ്പോഴാണ് അതിന്റെ പൊരുൾ വ്യക്തമാവുക. ശിഹാബ് തങ്ങൾക്ക് പൊതുസമൂഹം കൽപിച്ചു നൽകുന്നത് മതേതരാശയങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനത്തിന്റെ അമരക്കാരനെന്ന സ്ഥാനമല്ല, സാമുദായികവും വർഗീയവുമായ ഒരു പ്രസ്ഥാനത്തെ, അല്ലെങ്കിൽ അത് പ്രതിനിധാനം ചെയ്യുന്ന സമുദായത്തെ തീവ്രവാദ നിലപാടുകളിലകപ്പെടാതെ തടഞ്ഞുനിറുത്തിയ വ്യക്തി എന്ന ബഹുമതിയാണ്. അപ്പോൾ ന്യായമായും അപക്വവും വികാരവിക്ഷോഭം തുളുമ്പുന്നതുമായ നിലപാടുകൾ പുലർത്തുന്ന സമൂഹമായി മുസ്‌ലിംകൾ ചിത്രീകരിക്കപ്പെടുകയാണ്. സമുദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ആളിക്കത്തുന്ന മനസ്സാണ് മുസ്‌ലിംകളുടേത്; അവർ ഒരു ജനാധിപത്യ സമൂഹം സ്വാഭാവികമായും ആർജിച്ചെടുക്കേണ്ട രാഷ്ട്രീയ പക്വത സ



വർഗീയപ്പാർട്ടിയെന്ന് പലപ്പോഴും ആക്ഷേപിക്കപ്പെടുന്ന ഒരു വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അമരക്കാരൻ മതസൗഹാർദത്തിന്റെ പ്രതിരൂപമായി വാഴ്ത്തപ്പെടുന്നത് അമ്പരപ്പ് സൃഷ്ടിക്കാതിരിക്കുന്നില്ല. എങ്കിലും പാണക്കാട് ശിഹാബ് തങ്ങളുടെ വിനയമധുരമായ കാൽവെപ്പുകൾ ഈ അമ്പരപ്പുകളെ മായ്ച്ചുകളയുന്നു. ഭാവിയിൽ ശിഹാബ് തങ്ങൾ ഓർമിക്കപ്പെടുക ഒരു സാമുദായിക രാഷ്ട്രീയ കക്ഷിയുടെ നേതാവെന്ന നിലയിലോ ആത്മീയാചാര്യനെന്ന നിലയിലോ അല്ല, മറിച്ച് കേരളത്തിലെ മതേതര ചിന്തയുടെ മുന്നണിപ്പോരാളികളിൽ ഒരാളായിട്ടായിരിക്കും.



സീതി ഹാജി, സി.എച്ച്. മുഹമ്മദ് കോയ, അവുക്കാദർകുട്ടി നഹ എന്നിവർക്കൊപ്പം ശിഹാബ് തങ്ങൾ

മ്പാദിച്ചിട്ടില്ല. ഇത്തരമൊരു സമൂഹത്തെ
വഴിതെറ്റാതെ നോക്കുന്ന പക്വമതിയായ
കാവൽക്കാരനാണ് ശിഹാബ് തങ്ങൾ എ
ന്നൊരു ആശയതലം അദ്ദേഹത്തിന് ചാർ
ത്തിക്കൊടുക്കുന്ന ആദരവുകൾക്ക് പിന്നി
ലുണ്ട്. ഇത്തരം സ്തുതിവചനങ്ങൾ ശി
ഹാബ് തങ്ങളെയും മുസ്‌ലിം ജനസാമാ
ന്യത്തെയും രണ്ടായി വേർതിരിക്കുകയാ
ണ് ചെയ്യുന്നത്. അദ്ദേഹത്തെ കേരള മു
സ്‌ലിംകളുടെ പൊതുപ്രതിനിധാന മണ്
ഡലത്തിൽ നിന്ന് മാറ്റിനിറുത്തി മറ്റൊരു
പ്രതലത്തിൽ പ്രതിഷ്ഠിക്കുന്നു. വികാര
ജീവികളായ മാപ്പിളമാരിൽനിന്ന് വളരെ ഉ
യരത്തിൽ വർത്തിക്കുന്ന വിചാരശീലനാ
യി അദ്ദേഹം ചിത്രീകരിക്കപ്പെടുന്നു.

യഥാർഥത്തിൽ ശിഹാബ് തങ്ങൾക്ക്
നൽകപ്പെടുന്ന ഈ പ്രതിച്ഛായ മൂലം മു
സ്‌ലിം സമൂഹത്തിൻെറ പ്രതിച്ഛായയി
ലുണ്ടാവുന്ന കറുത്ത നിറപ്പാടുകൾ കാ
ണാതിരുന്നുകൂടാ. എന്നുമാത്രമല്ല അത്
കേരളീയ സമൂഹത്തിൻെറ പ്രബുദ്ധതയെ
സംശയിക്കുന്ന നിരീക്ഷണംകൂടിയാണ്.
ബാബരി മസ്ജിദിൻെറ തകർച്ച സൃഷ്ടി
ച്ച വികാര വിക്ഷോഭത്തിൻെറ കാലത്ത്
കേരളത്തിൽ മുസ്‌ലിംലീഗും അതിൻെറ
നായകനായ ശിഹാബ് തങ്ങളും പ്രകടിപ്പി
ച്ച സംയമന മനോഭാവം വാഴ്ത്തപ്പെടേണ്ട
തുതന്നെ. എന്നാൽ, അതാണ് കേരള
ത്തിൽ കലാപങ്ങളുണ്ടാവാഞ്ഞതിനു കാ
രണമെന്ന് പറയുമ്പോൾ അത് ചരിത്ര
ത്തെയും കേരളത്തിൻെറ സാമൂഹികാന്ത
രീക്ഷത്തെയും നിരാകരിക്കുകയാണ്. കേ
രളീയ സമൂഹത്തിൽ നിലനിൽക്കുന്ന മ
തസൗഹാർദത്തെ കണ്ടില്ലെന്നു നടിക്കു
കയാണ്. ഇവിടത്തെ ന്യൂനപക്ഷ സമുദാ
യക്കാർക്കിടയിൽ വേരുറച്ച പ്രബുദ്ധതയെ
യും പുരോഗമന ചിന്തയെയും എഴുതി
ത്തള്ളുകയാണ്. കേരളം വർഗീയ കലാപ
ങ്ങൾക്ക് വളക്കൂറുള്ള മണ്ണല്ല. ബാബരി മ
സ്ജിദ് പ്രശ്നകാലത്ത് കേരള മുസ്‌ലിം
കൾക്കിടയിൽ വലിയ നിരാശയും ഇച്ഛാ
ഭംഗവും അന്തക്ഷോഭവുമുണ്ടാവുകയും
അതുണ്ടാക്കിയ വൈകാരികാഘാതങ്ങൾ
തീവ്രവാദ നിലപാടുകൾക്ക് ജന്മം നൽകു
കയുമൊക്കെ ചെയ്തിരുന്നുവെങ്കിലും
പൊതുവെ കേരളീയ മുസ്‌ലിംകൾക്കിട
യിൽ കലാപ മനസ്സ് രൂപപ്പെട്ടിരുന്നില്ല. അ
ങ്ങനെ പറയുന്നത് കേരളത്തിൽ നൂറ്റാണ്ടു
കളായി നിലനിന്നുപോരുന്ന മതസൗ
ഹാർദത്തെ നിരാകരിക്കുക മാത്രമല്ല, ഇ
വിടത്തെ മുസ്‌ലിംകൾ പൊതുജീ
ത്തിൽ നടത്തിപ്പോരുന്ന ഇടപെടല
ടെ സർഗാത്മകതയെ നിഷേധിക്കു
ടിയായിരിക്കണം. ഒരു രാഷ്ട്രീയകക്ഷ
ന്ന നിലയിൽ മുസ്‌ലിം ലീഗും ഈ
ഗാത്മകതയെ പോഷിപ്പിച്ചിട്ടുണ്ട്.
ത്തിൽ ഒട്ടുമുക്കാലും മതസാമുദാ
സംഘടനകൾ ബാബരി മസ്ജിദിന്
കർച്ചക്കാലത്ത് ഇതേ സംയമനത്തി
വഴിയിലൂടെയാണ് സഞ്ചരിച്ചത്. വർ
വത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന
ലിം സമുദായത്തെ പാണക്കാട് തങ്ങ
റ്റയാൾപ്പട്ടാളമായിനിന്ന് പ്രതിരോധി
ന്നതിലെ യുക്തിഭംഗം ചൂണ്ടിക്കാ
വരുന്നത് അത് ഒരു സമൂഹത്തെ ഒന്ന
കറുത്ത നിറത്തിൽ വരയ്ക്കുന്നു എ
കൊണ്ടാണ്.

ഈ അവസരത്തിൽ മറ്റൊരു കാര്യ
ടി ചൂണ്ടിക്കാട്ടേണ്ടതുമുണ്ട്. പാണ
ശിഹാബ് തങ്ങളുടെ നിലപാട് മുസ്
ലീഗിൻെറ പൊതുനിലപാടിൻെറ ഭാ
ന്നെയാണ്. സാമുദായികപ്പാർട്ടിയെ
ലയിൽ ലീഗ് എക്കാലത്തും മതേതര
നിലനിൽക്കാനാണ് ശ്രമിച്ചത്. ബാബ
സ്ജിദ് തകർക്കുന്ന കാലത്ത് കേന്ദ്രത്ത



10 MACHINES ACROSS INDIA

കോൺഗ്രസാണ് ഭരണകക്ഷി. പി.വി. നരസിംഹറാവു ഗവൺമെൻറിൻെറ നയവൈകല്യങ്ങളാണ് മസ്ജിദിൻെറ തകർച്ച ത്വരിതപ്പെടുത്തിയത്. ഹിന്ദു വർഗീയതയുടെ കിരാതത്വങ്ങൾക്ക് ചൂട്ടുപിടിച്ചുകൊടുക്കുകയായിരുന്നു അന്ന് കോൺഗ്രസ് സർക്കാർ. മുസ്ലിംകൾ ഒറ്റക്കെട്ടായി അന്ന് കോൺഗ്രസിന് എതിരായിരുന്നു, എന്നാൽ സഖ്യകക്ഷി എന്ന നിലയിൽ കോൺഗ്രസ് നിലപാടുകളെ ന്യായീകരിക്കേണ്ട ബാധ്യത ലീഗിനുണ്ടായിരുന്നു. ബാബരി മസ്ജിദ് പ്രശ്നത്തിലും ഇതേ നിലപാടാണ് ലീഗ് കൈക്കൊണ്ടത്. അടിയന്തരാവസ്ഥക്കാലത്തെ അതിക്രമങ്ങൾ കണ്ടില്ലെന്ന് നടിച്ചപോലെ, ബാബരി മസ്ജിദിൻെറ തകർച്ചക്കിടയാക്കിയ കേന്ദ്ര സർക്കാറിൻെറ നയവൈകല്യങ്ങളും ലീഗ് മറച്ചുവെക്കാൻ താൽപര്യപ്പെട്ടു. മസ്ജിദ് തകർത്തിട്ടില്ലെന്നാണ് ആദ്യമൊക്കെ ലീഗ് പ്രചരിപ്പിക്കാൻ ശ്രമിച്ചത്. ഇത് മുസ്ലിംലീഗുകാർക്കിടയിൽ തന്നെ കടുത്ത ആശയക്കുഴപ്പമുണ്ടാക്കിയിരുന്നു. സുശക്തമായ പാർട്ടി ചട്ടക്കൂടുള്ളതിനാലും പാണക്കാട് തങ്ങളെപ്പോലെയുള്ള നേതാക്കളുടെ വ്യക്തിപ്രഭാവം പിടിച്ചുനിറുത്തിയതിനാലും ലീഗിന് വലിയ തകർച്ചയുണ്ടായില്ലെന്ന് മാത്രമേയുള്ളൂ. എങ്കിലും പാർട്ടിയുടെ വിശ്വാസ്യത വലിയൊരളവോളം കുറയാൻ അത് കാരണമായി. പിൽക്കാലത്ത് ലീഗ് കോട്ടകളിലുണ്ടായ വിള്ളലിൻെറ തുടക്കം ഈ വിശ്വാസ്യതക്കുറവിൽ നിന്നാണ്. മതേതരത്വത്തോടുള്ള പ്രതിബദ്ധതക്ക് ലീഗ് കൊടുത്ത വിലയായി അതിനെ എണ്ണിക്കൂടാ, മറിച്ച് രാഷ്ട്രീയ സഖ്യങ്ങളുടെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന നിലപാടാണത്.

ഇങ്ങനെ പറയുമ്പോഴും, വിവാദങ്ങൾക്ക് വിധേയനാവാതിരിക്കുകയും അടുക്കുന്ന ആരിലേക്കും നന്മയുടെ വെളിച്ചം പ്രസരിപ്പിക്കുകയും ചെയ്യുന്ന നേതാവ് എന്ന നിലയിൽ ശിഹാബ് തങ്ങൾ മുസ്ലിം പൊതുജീവിതത്തിൽ പതിപ്പിച്ച വ്യക്തിമുദ്ര അനുപമമാണ്. അദ്ദേഹം ആത്മീയാചാര്യന്മാരുടെ പരമ്പരയുടെ കണ്ണിയാണ്. തെക്കേ മലബാറിൽ നാനാജാതി മതസ്ഥരായ ആളുകൾ കൊടപ്പനക്കൽ തറവാട്ടിൽ തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടിയെത്തുന്നു. പരിഷ്കൃത സമൂഹത്തിൻെറ മാനദണ്ഡങ്ങൾക്ക് പിടികിട്ടാത്ത ഏതോ ചില അതീന്ദ്രിയ തലങ്ങളിൽനിന്നുകൊണ്ട് പാണക്കാട് തങ്ങന്മാർ അവർക്ക് ആശ്വാസമരുളുന്നു. ഈ വ്യക്തിപ്രഭാവത്തെ രാഷ്ട്രീയമായി മുതൽക്കൂട്ടാക്കാൻ ശ്രമിക്കുകയാണ് പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ കാലം മുതൽക്കുതന്നെ മുസ്ലിംലീഗ് ചെയ്തുപോന്നത്. ശിഹാബ് തങ്ങൾ ആ സ്ട്രാറ്റജിയുടെ ഭാഗമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിൻെറ മരണശേഷം സംഘടനാ പാരമ്പര്യം കൂടുതലുള്ള നേതാക്കന്മാരെ അവഗണിച്ച് താരതമ്യേന ജൂനിയറായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെ പാർട്ടിയധ്യക്ഷനാക്കിയതിനു പിന്നിലും ഈ സ്ട്രാറ്റജി തന്നെയാണുള്ളത്. ഒരു മതേതര ജനാധിപത്യ പാർട്ടിക്ക് അനിവാര്യമായ ശീലമാണിതെന്ന് പറഞ്ഞുകൂടാ. ഇസ്ലാമിക ആത്മീയതയെ രാഷ്ട്രീയകാര്യ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്ന തന്ത്രമാണ് മുസ്ലിംലീഗ് പ്രയോഗിക്കുന്നത്. ശിഹാബ് തങ്ങളുടെ ദൗത്യം ആ തന്ത്രത്തെ വിജയിപ്പിക്കുകയായിരുന്നു.

**യഥാർഥത്തിൽ ശിഹാബ് തങ്ങൾക്ക് നൽകപ്പെടുന്ന ഈ പ്രതിച്ഛായ മൂലം മുസ്ലിം സമൂഹത്തിൻെറ പ്രതിച്ഛായയിലുണ്ടാവുന്ന കറുത്ത നിറപ്പാടുകൾ കാണാതിരുന്നുകൂടാ. എന്നുമാത്രമല്ല അത് കേരളീയ സമൂഹത്തിൻെറ പ്രബുദ്ധതയെ സംശയിക്കുന്ന നിരീക്ഷണം കൂടിയാണ്. ബാബരി മസ്ജിദിൻെറ തകർച്ച സൃഷ്ടിച്ച വികാര വിക്ഷോഭത്തിൻെറ കാലത്ത് കേരളത്തിൽ മുസ്ലിംലീഗും അതിൻെറ നായകനായ ശിഹാബ് തങ്ങളും പ്രകടിപ്പിച്ച സംയമന മനോഭാവം വാഴ്ത്തപ്പെടേണ്ടതുതന്നെ. എന്നാൽ, അതാണ് കേരളത്തിൽ കലാപങ്ങളുണ്ടാവാഞ്ഞതിനു കാരണമെന്ന് പറയുമ്പോൾ അത് ചരിത്രത്തെയും കേരളത്തിൻെറ സാമൂഹികാന്തരീക്ഷത്തെയും നിരാകരിക്കുകയാണ്. കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന മതസൗഹാർദത്തെ കണ്ടില്ലെന്നു നടിക്കുകയാണ്. ഇവിടത്തെ ന്യൂനപക്ഷ സമുദായക്കാർക്കിടയിൽ വേരുറച്ച പ്രബുദ്ധതയെയും പുരോഗമന ചിന്തയെയും എഴുതിത്തള്ളുകയാണ്.**



ശിഹാബ് തങ്ങൾ, ഇബ്രാഹിം സുലൈമാൻ സേട്ട്, അബ്ദുല്ലഹാജി അഹമ്മദ് സേട്ട്

മുസ്ലിംലീഗിന് അതിനാൽ ശിഹാബ് തങ്ങൾ ഉണ്ടാക്കിക്കൊടുത്ത നേട്ടം ചെറുതല്ല. ആത്മീയാചാര്യനെന്ന നിലയിൽ ശിഹാബിന് സാമാന്യ ജനങ്ങൾക്കിടയിലുള്ള സ്ഥാനം പാർട്ടിയുടെ കെട്ടുറപ്പ് തകരാതെ നിൽക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അതേസമയം, മതപരമായി ശിഹാബ് തങ്ങളുടെ സമീപനങ്ങളോട് കടുത്ത എതിർപ്പ് പുലർത്തുന്ന സംഘടനകൾപോലും, അദ്ദേഹത്തിൻെറ നേതൃത്വം അംഗീകരിക്കാൻ കാരണം മുസ്ലിം ലീഗ് അധ്യക്ഷൻ എന്ന നിലയിൽ രാഷ്ട്രീയ രംഗത്തുള്ള അദ്ദേഹത്തിൻെറ മേൽക്കൈമൂലമാണ്. ലീഗിന് ദ്വിമുഖമായ നേട്ടമാണ് ഇതുമൂലം ലഭിച്ചത്. ആത്മീയാചാര്യനെന്ന നിലയിലും രാഷ്ട്രീയ നേതാവെന്ന നിലയിലുമുള്ള ശിഹാബ് തങ്ങളുടെ വ്യക്തിത്വത്തിൻെറ രണ്ടു മുഖങ്ങളും, ലീഗിനെ സംഘടനാപരമായി സഹായിക്കുകയാണ് ചെയ്തത്. ഹൈദരലി ശിഹാബ് തങ്ങളെ പാർട്ടി പ്രസിഡൻറായി അവരോധിക്കുന്നതിലൂടെ ഈ സ്ട്രാറ്റജി തുടർന്നുകൊണ്ടുപോകാൻ ലീഗ് തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നു. ഈ തന്ത്രം വിജയിക്കാതിരിക്കാൻ ഇപ്പോഴത്തെ അവസ്ഥയിൽ ന്യായമൊന്നുമില്ല. ●



ഫോട്ടോ: എൻ.പി. ജയൻ

ശിഹാബ് തങ്ങൾ,ബാലകൃഷ്ണപിള്ള, എ.കെ. ആൻറണി,കെ. ശങ്കരനാരായണ

ഓർമ

**ആർ. ബാലകൃഷ്ണപിള്ള**

# സൗഹാർദങ്ങളുടെ പച്ചിലച്ചാർത്ത്

**അരനൂറ്റാണ്ടിനോടടുത്ത കാലം അരികത്തിരുന്നറിഞ്ഞ സ്നേഹ വാൽസല്യമായിരുന്നു ആർ. ബാലകൃഷ്ണപിള്ളയെന്ന രാഷ്ട്രീയ നേതാവിന് പാണക്കാട് ശിഹാബ് തങ്ങൾ. ഓർത്തുവെക്കാൻ ഒത്തിരിയൊത്തിരി മുഹൂർത്തങ്ങൾ ബാക്കി നൽകി കാലയവനികയിൽ മറഞ്ഞ പ്രിയ മിത്രത്തെ അദ്ദേഹം സ്മരിക്കുന്നു.**

‘‘.... കെ. മുരളീധരൻ എൻ.സി.പിയിൽ നിന്ന് രാജിവെച്ചത് സംബന്ധിച്ച് പ്രതികരിക്കണമെന്നാവശ്യപ്പെട്ട് ആഗസ്റ്റ് ഒന്ന് ശനിയാഴ്ച വൈകീട്ട് *ഇന്ത്യാവിഷനിൽ*നിന്ന് വിളി വന്നിരുന്നു. രാത്രി എട്ടേ മുക്കാലോളമായി. അവർ പ്രതികരണം ലൈവ് ആയി കൊടുക്കുന്നതിനാണ് വിളിച്ചത്. കേരള കോൺഗ്രസ് നേതാവ് ആർ. ബാലകൃഷ്ണപിള്ള ഇതുസംബന്ധിച്ച് അഭിപ്രായം പറയുന്നെന്ന് പ്രേക്ഷകരെ അറിയിക്കുകയും ചെയ്തു. കൊട്ടാരക്കരയിലെ വീട്ടിലിരുന്ന് ഞാൻ ഫോണെടുത്ത് അഭിപ്രായം പറയാൻ നാവനക്കിയതും ടെലിവിഷൻ സ്ക്രീനിൽ ഫ്ലാഷ് മഞ്ഞ നിറത്തിൽ മിന്നി മറഞ്ഞു -‘ശിഹാബ് തങ്ങൾ അന്തരിച്ചു.’ ആ നിമിഷം ഫോൺ കട്ടായി. വാർത്ത വിശ്വസിക്കാനാവാതെ

രണ്ടു മിനിറ്റോളം ഞാനിരുന്നു. ഒരുപാട് ഓർമ
എൻെറ ‘കൊച്ചു തങ്ങളെ’പ്പറ്റി മനസ്സിൽ മിന്നി
ഞ്ഞു. മലപ്പുറത്ത് വിളിച്ചപ്പോൾ, ഏഴരയോടെ
യിരുന്നു മരണമെന്നും ഖബറടക്കം ഞായറാ
മൂന്നുമണിയോടെ ഉണ്ടാകുമെന്നും അറിഞ്ഞു.
ന്നേരംതന്നെ ഞാൻ ഉടുപ്പുമെടുത്തിട്ട് ഡ്രൈവ
യും കൂട്ടി കാറിൽ പുറപ്പെട്ടു. ഒരുപാടു നാള
ഇടവേളക്കു ശേഷമാണ് അത്രയും ദീർഘമാ
രു കാർ യാത്രക്ക് പുറപ്പെടുന്നത്. 1960ൽ 25ാം
സ്സിൽ എം.എൽ.എ ആയതു മുതൽ ഞാൻ വ
തങ്ങളെന്ന് വിളിക്കുന്ന ബാഫഖി തങ്ങളും അ
ഹം വഴി ശിഹാബ് തങ്ങളും എനിക്ക് ഏറ്റവും
ണ്ടപ്പെട്ടവരായിരുന്നു. അന്നു മുതൽ ഇന്നേവ
ഗ്, കേരള കോൺഗ്രസ് രാഷ്ട്രീയം ഒരേ ദിശ

സഞ്ചരിച്ചതുപോലെ ഞങ്ങളുടെ സൗഹൃദവും സഞ്ചരിച്ചു.

കൊടപ്പനക്കലെ സ്നേഹനിധിയായ ആതിഥേയൻ ആയിരുന്നു എനിക്കെന്നും ശിഹാബ് തങ്ങൾ. 1975ലാണ് അദ്ദേഹം മുസ്‌ലിം ലീഗിന്റെ പ്രസിഡൻറാകുന്നത്. ആവശ്യത്തിനു മാത്രം സംസാരിക്കുന്ന, ഈ ആരെയും നോവിക്കാൻ ഇഷ്ടപ്പെടാത്ത, ഋഷിതുല്യൻ സഹജീവികളെ ജാതിയും മതവും ധനശേഷിയും നോക്കാതെ സ്നേഹിച്ചു. എന്നേക്കാളും ഒരു വയസ്സിന് ഇളപ്പമാണെങ്കിലും എനിക്ക് അദ്ദേഹത്തോട് ഉണ്ടായിരുന്ന വികാരം വാക്കുകൾക്ക് നിർവചിക്കാനാവാത്ത ബഹുമാനമാണ്. രാഷ്ട്രീയക്കാരന്റെ കുബുദ്ധിയും വിക്രിയയും ഒന്നുമില്ല. കാപട്യം നിറഞ്ഞ വാഗ്ദാനങ്ങളില്ല. എല്ലാ കാര്യങ്ങളും നന്നായി പഠിക്കാൻ തങ്ങൾ എന്നും ശ്രദ്ധിച്ചിരുന്നു.

ഇന്ത്യൻ ഭരണഘടനയിൽ അടിവരയിട്ടു പറയുന്ന മതേതരത്വത്തെ അതിന്റെ അന്തസ്സത്തയോടെ ഉൾക്കൊള്ളുമ്പോൾ തന്നെ ഭരണം ഉറപ്പു നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കായി പോരാടുകയും പ്രവർത്തിക്കുകയും ചെയ്ത മഹദ് വ്യക്തിയായിരുന്നു ശിഹാബ് തങ്ങൾ. പരമത നിന്ദ അദ്ദേഹത്തിന്റെ വിദൂര സ്വപ്നങ്ങളിൽപോലും ഉണ്ടായിരുന്നില്ല. സ്നേഹിക്കാൻ മാത്രമേ അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ. അതെത്രയോ തവണ ഞാൻ അനുഭവിച്ചറിഞ്ഞതാണ്.

1975ൽ പൂക്കോയ തങ്ങളുടെ നിര്യാണത്തെ തുടർന്ന് ശിഹാബ് തങ്ങൾ മുസ്‌ലിം ലീഗ് പ്രസിഡൻറായി. അതേവർഷം ഡിസംബറിൽ ഞാൻ സംസ്ഥാന മന്ത്രിസഭയിൽ ചേർന്നു. അടിയന്തരാവസ്ഥക്കാലം. തിരുവനന്തപുരം സെൻട്രൽ ജയിലിൽനിന്ന് ഇറങ്ങിയാണ് ഞാൻ മന്ത്രിസഭയിലെത്തിയത്. ഇ.എം.എസ്, എ.കെ.ജി, എം.പി. മന്മഥൻ തുടങ്ങിയ മഹാരഥന്മാരായിരുന്നു സഹ തടവുകാർ. കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിൽ എം.പി. വീരേന്ദ്രകുമാർ, അരങ്ങിൽ ശ്രീധരൻ, അഖിലേന്ത്യാ ലീഗിന്റെ നേതാക്കൾ തുടങ്ങി ഒരുപാട് രാഷ്ട്രീയ തടവുകാരുണ്ട്. സത്യപ്രതിജ്ഞ കഴിഞ്ഞ് എനിക്ക് കണ്ണൂരിൽ ഒരു പരിപാടി ഉണ്ടായിരുന്നു. അവിടേക്ക് പോകും വഴി രാവിലെ എട്ടു മണിയോടെ ഞാൻ കൊടപ്പനക്കൽ എത്തി. അവിടെ എന്നെ ശിഹാബ് തങ്ങൾ വരവേറ്റ രീതി, അതിൽ നിറഞ്ഞ സ്നേഹം ഇന്നും മറക്കാതെ മനസ്സിൽ കിടക്കുന്നു. ഒരുപാട് രുചികരമായ പ്രാതൽ. അടുത്തിരുന്ന് ഓരോന്നും സ്നേഹപൂർവം നിർബന്ധിച്ചു തീറ്റിക്കുന്ന ശിഹാബ് തങ്ങൾ.

ജയിലിന്റെ ചുമതലയും എനിക്കാണ്. നേരിയ ശബ്ദത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു: ''നമ്മുടെ ജയിലുകളിൽ ധാരാളം രാഷ്ട്രീയ തടവുകാർ ഉണ്ടല്ലോ. അവരുടെ കാര്യം കഷ്ടമാണ്. കണ്ണൂരിലെ സ്ഥിതി പരിതാപകരമാണ്. കണ്ണൂർ പോകുമ്പോൾ ജയിൽ വകുപ്പിന്റെ മന്ത്രിയെന്ന നിലയിൽ അവിടെയൊന്നു കേറണേ.''

ഞാൻ അന്നുതന്നെ കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിച്ചു. തങ്ങളുടെ വാക്കുകൾ അക്ഷരംപ്രതി ശരിയായിരുന്നു. രാഷ്ട്രീയ തടവുകാർക്കെല്ലാം കട്ടിൽ ഏർപ്പാടാക്കി. അന്നൊക്കെ ജയിലുകളിൽ ഗോതമ്പുണ്ട ആയിരുന്നു പ്രാതലിന്. അത് കഴിക്കുന്നത് വല്ലാത്തൊരു സാഹസമാണ്. അപ്പോൾ തന്നെ ഇനി മുതൽ ജയിലുകളിൽ പ്രാതലിന് ഗോതമ്പുണ്ടക്ക് പകരം ദോശയോ ഇഡ്ഡലിയോ നൽകാൻ ഞാൻ ഉത്തരവിട്ടു. രാവിലെ ആറ് മണിക്ക് ചായയോ കാപ്പിയോ. അതിന്നും നിലനിൽക്കുന്നു. ഹൃദയത്തിൽ തൊടുന്ന ശബ്ദത്തിലുള്ള ശിഹാബ് തങ്ങളുടെ നിർദേശം പാലിക്കാനായതാണ് ഇതിനൊക്കെയും നിമിത്തമായത്. അതിന്റെ ആനുകൂല്യം ലഭിച്ചതാകട്ടെ അഖിലേന്ത്യാ ലീഗുകാരും കമ്യൂണിസ്റ്റുകളും ഉൾപ്പെടെയുള്ള തങ്ങളുടെ രാഷ്ട്രീയ എതിരാളികൾക്കും.

നമ്മുടെ സമൂഹത്തിന്റെ മൂല്യവത്തായൊരു ഈടുവെപ്പായിരുന്നു ശിഹാബ് തങ്ങൾ. കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയ ഭൂമികയിൽ തങ്ങൾക്ക് പകരം വെക്കാൻ അന്നും ഇന്നും മറ്റൊരാളില്ല തന്നെ. അതിന് എത്രയോ ഉദാഹരണങ്ങൾ എന്റെ അനുഭവത്തിലുണ്ട്.

1992 ഡിസംബർ ആറിന് സന്ധ്യ നേരം, ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായി നിലകൊണ്ട ബാബരി മസ്ജിദ് തകർക്കപ്പെട്ട വാർത്ത വരുന്നു. കരുണാകരനാണ് മുഖ്യമന്ത്രി. ഞാൻ മന്ത്രിസഭയിൽ അംഗം. കേരളത്തിൽ എന്തും സംഭവിക്കാവുന്ന അവസ്ഥ. അക്ഷരാർഥത്തിൽ ഞങ്ങൾ മന്ത്രിസഭാംഗങ്ങൾ വിറച്ചിരിക്കുകയാണ്. നാട്ടിൽ എന്തൊക്കെ സംഭവിക്കുമെന്ന് അറിയില്ല. ബോംബെയിലും യു.പിയിലും ഹൈദരാബാദിലും ബംഗാളിലും തമിഴ്നാട്ടിലും സെക്കന്തരാബാദിലുമെല്ലാം കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു കഴിഞ്ഞു. ആരാധനാലയങ്ങൾ പലയിടത്തും തകർക്കുന്നു. ആളുകൾ വെട്ടി മരിക്കുന്നു. എല്ലാറ്റിന്റെയും നിയന്ത്രണം വിട്ട അവസ്ഥ.

> രണ്ടേ രണ്ട് രാഷ്ട്രീയ നേതാക്കളാണ് ഞാൻ രാജി വെക്കേണ്ടിയിരുന്നില്ലെന്ന് എന്നോടു പറഞ്ഞത്– ഇ.എം.എസും ശിഹാബ് തങ്ങളും. എന്തിനാണ് നിങ്ങൾ ചാടിക്കയറി രാജിവെച്ചതെന്നായിരുന്നു ഇവരുടെ ചോദ്യം. *ദേശാഭിമാനി*പോലും എഴുതാത്ത വാർത്തയുടെ പേരിൽ രാജിവെച്ചത് കടന്നകൈയായിപോയെന്നായിരുന്നു ഇ.എം.എസിന്റെ അഭിപ്രായം.

മാണിയും ഞാനും കുഞ്ഞാലിക്കുട്ടിയുമെല്ലാം മുഖ്യമന്ത്രിയുടെ വസതിയിൽ ഒത്തു ചേർന്നു, കേരളം കലാപഭൂമിയാകാതിരിക്കാൻ എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥ. ഈ സന്ദിഗ്ധ ഘട്ടത്തിലാണ് ഒരു ദൈവ ദൂതന്റേതുപോലെ കൊച്ചു തങ്ങളുടെ വാക്കുകളെത്തുന്നത്:

''സമുദായം വികാരങ്ങൾക്ക് അടിമപ്പെടരുത്. അവിവേകം ഒരു സാഹചര്യത്തിലും പ്രവർത്തിക്കരുത്. പള്ളി തകർത്തതിലൂടെ കൊടിയ അപരാധം ചെയ്തവരെ നിയമപരമായി നേരിടണം. വ്യവസ്ഥാപിതമായ നിയമ സംവിധാനത്തെ അനുസരിക്കുക. ഇതിനകം ഏതെങ്കിലും ഹൈന്ദവ ആരാധനാലയങ്ങൾ വികാര വിക്ഷോഭം കാരണം കേടുവരുത്തിയിട്ടുണ്ടെങ്കിൽ അത് സമുദായാംഗങ്ങൾ സ്വന്തം ചെലവിൽ പുനർ നിർമിച്ചു നൽകണം.'' ഈ വാക്കുകൾ കേരളീയ സമൂഹം ഒരക്ഷരം വിടാതെ നെഞ്ചേറ്റുകയായിരുന്നു. ഇന്ത്യയിലെ ഇതര ഭാഗങ്ങളൊക്കെയും വർഗീയ ലഹളയിൽ കത്തിയപ്പോഴും കേരളം മതേതരത്വത്തിന്റെ പച്ചത്തുരുത്തായി നിലകൊണ്ടത് ശിഹാബ് തങ്ങളുടെ വാക്കുകൾക്ക് സമുദായം എന്തു മാത്രം വില കൽപ്പിച്ചിരുന്നു എന്നതിന് നിദർശകമാണ്.

മാത്രമല്ല, അന്നദ്ദേഹം പതിവിന് വിപരീതമായി തെരുവിലിറങ്ങി സ്ഥിതിഗതികൾ ശാന്തമാക്കുകയും ചെയ്തു.

ബാബരി മസ്ജിദ് തകർത്തതിന്റെ അനുരണനങ്ങളെ ഇത്രയും സമചിത്തതയോടെ മറ്റാരും കൈകാര്യം ചെയ്തില്ല. ഇവിടെയാണ് ശിഹാബ് തങ്ങൾ വ്യത്യസ്തനാവുന്നത്.

തങ്ങളുടെ വാക്കുകൾ പിൽക്കാലത്ത് യാഥാർഥ്യമായി. തെറ്റു ചെയ്തവർ ശിക്ഷിക്കപ്പെട്ടു. അന്നത്തെ ആവേശത്തിൽ ബി.ജെ.പിക്ക് കുറെ വോട്ടു നേടാനായെങ്കിലും പിന്നീടെല്ലാം ജനങ്ങൾ ആ പാർട്ടിയെ ശിക്ഷിച്ച് ദൂരെ നിറുത്തി. ഇന്നും ബി.ജെ.പി അതിന്റെ ദുരന്തങ്ങൾ അനുഭവിക്കുന്നു.

പ്രശ്നങ്ങളെ ശരിതെറ്റുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. എന്റെ പഞ്ചാബ് മോഡൽ പ്രസംഗം തന്നെ ഉദാഹരണം. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയെ സംബന്ധിച്ചായിരുന്നു എന്റെ പ്രസംഗം. അന്നു ഞാൻ പരാമർശിച്ച കോച്ചു ഫാക്ടറി 23 വർഷത്തിനു ശേഷം ഇപ്പോൾ കേരളത്തിനു ലഭിച്ചു. സന്തോഷം. അന്ന്, കേവലം ഒരു പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് ഞാൻ രാജിവെച്ചത്. ഇംഗ്ലീഷ് പത്ര




ഇ. അഹമ്മദ്, ശിഹാബ് തങ്ങൾ, പി.എം. അബൂബക്കർ, ബി.വി. അബ്ദുല്ലക്കോയ, ഉമർ ബാഫഖി തങ്ങൾ, കുഞ്ഞാലിക്കുട്ടി

ങ്ങൾ ഉൾപ്പെടെ കേരളത്തിലിറങ്ങുന്ന മ
റ്റൊരു പത്രവും എൻെറ പ്രസംഗത്തിൽ
തീവ്രവാദവും ദേശവിരുദ്ധതയും കണ്ടില്ല.
ഒരു കോടതിയും മുഖ്യമന്ത്രിയും അതേ
പ്പറ്റി പരാമർശം നടത്തുകയോ രാജി ആ
വശ്യപ്പെടുകയോ ചെയ്തില്ല. എന്നിട്ടും
ഞാൻ രാജിവെച്ചു.

അതെല്ലാം കലങ്ങിത്തെളിഞ്ഞപ്പോൾ
രണ്ടേ രണ്ട് രാഷ്ട്രീയ നേതാക്കളാണ്
ഞാൻ രാജി വെക്കേണ്ടിയിരുന്നില്ലെന്ന് എ
ന്നോടു പറഞ്ഞത്- ഇ.എം.എസും ശിഹാ
ബ് തങ്ങളും. എന്തിനാണ് നിങ്ങൾ ചാടി
ക്കയറി രാജിവെച്ചതെന്നായിരുന്നു ഇവരു
ടെ ചോദ്യം. *ദേശാഭിമാനി*പോലും എഴുതാ
ത്ത വാർത്തയുടെ പേരിൽ രാജിവെച്ചത്
കടന്നകൈയായി പോയെന്നായിരുന്നു
ഇ.എം.എസിൻെറ അഭിപ്രായം.

ശിഹാബ് തങ്ങളുടെ ചിന്താ മണ്ഡല
ത്തിൻെറ ഔന്നത്യം വെളിവാക്കുന്നതായി
രുന്നു ഈ നിലപാട്. അത് കൊടപ്പനക്കൽ
തറവാടുമായി പതിറ്റാണ്ടുകളായി തുടർന്നു
പോകുന്ന എൻെറ ആത്മബന്ധത്തിൽ നി
ന്ന് ഉണ്ടായതല്ല. മറിച്ച് ഞാൻ അരുതാത്ത
തൊന്നും പറഞ്ഞില്ലെന്ന വിലയിരുത്തലി
ൻെറ ബഹിർസ്ഫുരണമായിരുന്നു.

എൻെറ വീടിനു പുറത്തുനിന്നുള്ള ഒ
രു വീട്ടിൽ നിന്ന് ഏറ്റവും കൂടുതൽ തവ
ണ ഭക്ഷണം കഴിച്ചിട്ടുള്ളത് കൊടപ്പന
ക്കൽനിന്നാണ്. നിലപാടുകളിലെ സത്യ
സന്ധതപോലെ തന്നെയായിരുന്നു ശി
ഹാബ് തങ്ങളുടെ ആതിഥേയത്വത്തിൻെറ
നൈർമല്യവും. ഏതു തിരക്കിനിടയിലും
നമ്മളെ കൂടെയിരുത്തി ഊട്ടുന്ന ആ സ്
നേഹ വായ്പ് മറക്കുന്നതെങ്ങനെ.

സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരുപാട്
പോർട്ട്ഫോളിയോകൾ കൈകാര്യം ചെയ്
ത പാർട്ടിയുടെ തലപ്പത്ത് പതിറ്റാണ്ടുകൾ
ഇരുന്നയാളാണ് ശിഹാബ് തങ്ങൾ. ലീഗ് മ
ന്ത്രിമാരോട് പലപ്പോഴും ഞാൻ കൗതുക
ത്തിനായി ചോദിച്ചിട്ടുണ്ട്, ശിഹാബ് ത
ങ്ങൾ ഏതെങ്കിലും തരം ശിപാർശകൾ പറ
യാറുണ്ടോയെന്ന്. ഒരു മന്ത്രിയോടു പോ
ലും ശിപാർശ ചെയ്യാതിരിക്കാനുള്ള ആർ
ജവം ഒരു ജീവിത നിഷ്ഠപോലെ സൂക്ഷി
ച്ച നേതാവായിരുന്നു ശിഹാബ് തങ്ങൾ. ഏ
ത് പാർട്ടി നേതാവിനാണ് ഈയൊരു ഔ
ന്നത്യം അവകാശപ്പെടാനാവുക? അതേസ
മയം പാർട്ടിയുടെ നയ നിലപാടുകൾ നട
പ്പാക്കിയെടുക്കുന്നതിൽ അദ്ദേഹം അതീവ
ജാഗ്രത പുലർത്തുകയും ചെയ്തു.

പലവട്ടം ഞാൻ പാണക്കാട് പോയിട്ടുണ്ട്.
യു.ഡി.എഫ് രാഷ്ട്രീയത്തിലെ ദൗത്യങ്ങൾ
ഏറ്റെടുത്ത യാത്രകളും സ്വകാര്യ സന്ദർശ
നങ്ങളും അതിൽ ഉൾപ്പെടും. ശിഹാബ് ത
ങ്ങളെ കണ്ടു കഴിഞ്ഞാൽ മനസ്സിൽനിന്ന്
എന്തോ ഭാരം ഇറക്കിവെച്ച ഒരു ആത്മാ
നുഭൂതിയാണ് എനിക്കു ലഭിക്കുക. രാഷ്
ട്രീയ പ്രശ്നങ്ങളാണെങ്കിൽ താഴ്ന്ന സ്ഥാ
യിയിൽ ആ നാവിൽ നിന്ന് ഉതിരുന്നത് ക്ലി
പ്തനിഷ്ഠമായ പരിഹാരമായിരിക്കും. പി
ന്നെയത് നടപ്പാക്കുകയേ വേണ്ടൂ.

1964ൽ അവിശ്വാസ പ്രമേയം വന്ന കാ
ലത്ത് ലീഗും കേരള കോൺഗ്രസും കമ്യൂ
ണിസ്റ്റ് പാർട്ടിയും പി.എസ്.പിയും ഒന്നി
ച്ചു നിന്നതാണ്. തുടർന്നുള്ള തെര
ടുപ്പുകളിലും ലീഗും ഞങ്ങളുമായി
ജിച്ചു നിന്നു. കേരള കോൺഗ്രസി
പവത്കരണം മുതൽ ഇന്നേവരെ
കാലത്തെ മുക്കാലേ അരക്കാൽ
ത്തും ഞങ്ങളും മുസ്‌ലിം ലീഗും ഒ
രിയിലായിരുന്നു. ഞാനും ആൻറ
മൊക്കെ ഇടക്ക് കമ്യൂണിസ്റ്റുകാരു
കൂടിയെങ്കിലും, ലീഗ് ജനാധിപത്യ
ത്ത് ഉറച്ചു നിന്നു. അത്രമേൽ സുദൃ
യിരുന്നു ലീഗിൻെറ നിലപാട്. ബാ
തങ്ങളിലൂടെ പൂക്കോയ തങ്ങൾ വ
ഹാബ് തങ്ങളിൽ എത്തിയ നേതൃ
ൻെറ ദൃഢതയാണ് അത് കാണിക്കു

കേരള കോൺഗ്രസിൻെറ സ്ഥാ
നറൽ സെക്രട്ടറി എന്ന നിലയിൽ
ഖി തങ്ങളുമായി തുടങ്ങിയ അടുപ്പം
ഊഷ്മളതയോടെ ശിഹാബ് തങ്ങ
ടർന്നു. എൻെറ രാഷ്ട്രീയ ജീവിത
സ്വകാര്യ അഹങ്കാരമായിരുന്നു ശി
തങ്ങളുമായുള്ള മുറിയാത്ത സൗഹൃ
ൻെറ പ്രതിസന്ധികളിൽ അദ്ദേഹ
ക്ക് കൈത്താങ്ങായി. എൻെറ വേദന
എനിക്ക് സാന്ത്വനമായി. പിറക്കാ
യൊരു ജ്യേഷ്ഠ സഹോദരനെപ്പോ
ദ്ദേഹം എന്നെ കണ്ടു. എനിക്ക് അ
കട്ടെ, ഭൂമിയിൽ ഞാൻ കണ്ട പരിപൂ
യ മനുഷ്യനായിരുന്നു. കലർപ്പും ക
ചതിയുമില്ലാത്ത, ഈ പ്രപഞ്ചത്തേ
നേഹം വാക്കിലും പ്രവൃത്തിയിലും
വെച്ച ഈശ്വര സാമീപ്യം.